# KTET
# Cat-1 Part-2

## Previous Year Paper
### Malayalam Feb, 2019

Adda247

# Test Prime

ALL EXAMS, ONE SUBSCRIPTION

80,000+ Mock Tests

Personalised Report Card

Unlimited Re-Attempt

600+ Exam Covered

20,000+ Previous Year Papers

500% Refund

IBPS

NABARD

ATTEMPT FREE MOCK NOW

# CATEGORY - I

## PART - 2

## Malayalam

## Question Numbers 91 to 120

താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം അടിസ്ഥാനമാക്കി **91** മുതൽ **95** വരെ ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

കുടത്തിലുണ്ടൊട്ടുക്കത്തെ കനകനാണ്യം
എടുക്കുന്ന കരുത്തുള്ളോൾക്കുടൻ സമ്മാനം
അവൾക്കാണെ സർവ്വദേശം സ്വതന്ത്രന്മാരും
അവൾക്കാണി വജ്രഹാരം വിശിഷ്ടവസ്ത്രം.
വിനോദത്താൽ മദം കൊണ്ട മഹാരാജാവിൻ
വിളംബരച്ചെണ്ട ദിക്കിൻ ചുമർപൊട്ടിച്ചു
തുടികൊട്ടി കൊടിയേറ്റി അരങ്ങുകെട്ടി
തലസ്ഥാനം പെൺമിടുക്കിൻ വരക്കം കാത്തു
പുരുഷാരമാർത്തിരമ്പിപ്പേമഴ ചെയ്തു
ഒരുത്തിയും വരത്തില്ലെന്നടക്കം കൊണ്ടു,
കുടത്തിൽ വാലുയർത്തിയ കരിന്തേളിന്റെ
വിഷക്കോളിൽ നീലവാനം പുകഞ്ഞു കണ്ടു.
അടിമപ്പെണ്ണൊരുവൾ വന്നടുത്തുനിന്നു
കുടത്തിന്മേൽ വലംകൈ വച്ചുറച്ചു നിന്നു
പതുക്കെ നീൾവിരൽ നീട്ടി ഘടാകാശത്തിൽ
പരതുന്നു, തേളടങ്ങിയൊതുങ്ങിടുന്നു
ഇവളുമെൻ ദുർവിധിപോൽ കുടത്തിനുള്ളിൽ
കുടുങ്ങിയോളാണിവളെ തൊടില്ലെൻ ദാഹം
കനക നാണയം നീട്ടി അവൾ നിൽക്കുമ്പോൾ
കരിന്തേളാപ്പൂവിരലിൽ നിദ്രകൊള്ളുന്നു.
അടിമപ്പെണ്ണിന്റെ ദേശം വസന്തവംശം
കരിന്തേളാപ്പതാകയിൽ അശോക ചക്രം

91. രാജാവ് മദം കൊണ്ടതെങ്ങനെ?

(A) ധനത്താൽ

(B) അധികാരത്താൽ

(C) വിനോദത്താൽ

(D) കീർത്തിയാൽ

92. 'ദിക്കിൻ ചുമർപൊട്ടിച്ചു' എന്നതിന്റെ ആശയമെന്ത്?

(A) എല്ലാദിക്കും കടന്നുപോയി

(B) ദിക്കുകളുടെ ചുമരില്ലാതായി

(C) ദിക്കുകൾ ചെണ്ടകേട്ടു

(D) ദിക്കുകൾ ചുരുങ്ങി

93. ഘടാകാശം എന്നാൽ ________.

(A) ഘടംപോലുള്ള ആകാശം

(B) ഘടത്തിലെ ആകാശം

(C) ഘടത്തിന്റെ ആകാശം

(D) ഘടവും ആകാശവും

Adda247
GET IT ON Google Play

94. വ്യർക്കം എന്ന പദത്തിന് സന്ദർഭത്തിലെ അർത്ഥം എന്ത്?

(A) ശ്രേഷ്ഠം

(B) വന്നുചേരൽ

(C) മടക്കം

(D) വരാതിരിക്കൽ

95. കരിന്തേൾ ആ പെണ്ണിനെ കുത്താതിരുന്നത് എന്തുകൊണ്ട്?

(A) അവളും തന്നെപ്പോലെ അടിമയാണ് എന്ന് തിരിച്ചറിഞ്ഞതു കൊണ്ട്

(B) അവൾ ഉറപ്പുള്ളവളാണ് എന്ന് മനസ്സിലാക്കിയതു കൊണ്ട്

(C) രാജാവിന്റെ ചിന്ത ജയിക്കരുത് എന്നു കരുതി

(D) പുരുഷാരത്തിന്റെ ആഗ്രഹം നടക്കരുത് എന്ന് ചിന്തിച്ച്

96. മലയാളത്തിലെ ആദ്യത്തെ ഖണ്ഡകാവ്യമായി കരുതപ്പെടുന്ന കൃതിയേത്?

(A) കണ്ണുനീർത്തുള്ളി

(B) മലയവിലാസം

(C) നളിനി

(D) മഗ്ദലനമറിയം

97. 'ഉണ്ടുകുളിക്കുന്നവനെ കണ്ടാൽ കുളിക്കണം' എന്ന ചൊല്ലിന്റെ പൊരുളെന്ത്?

(A) ഉണ്ടതിനുശേഷം കുളിക്കാൻ പാടില്ല

(B) ഉണ്ണുന്നതിനു മുമ്പ് കുളിക്കണം

(C) ഭക്ഷണത്തിനുവേണ്ടി എല്ലാം ധൂർത്തടിക്കരുത്

(D) ഉണ്ണുന്നതിനുവേണ്ടി മാത്രം കുളിക്കരുത്

98. അക്ഷരത്തെറ്റുകൾ തിരുത്താൻ ഏറ്റവും ഉചിതമായ മാർഗം ഏത്?

(A) ശരിയായ ഉച്ചാരണ പരിശീലനം നൽകണം

(B) ശരിയായ മാതൃകകൾ കാണാനും കേൾക്കാനും അവസരം നൽകണം

(C) തെറ്റുകൾ അപ്പപ്പോൾ തിരുത്തണം

(D) അക്ഷരത്തെറ്റുകളാണ് ഭാഷയുടെ ഏറ്റവും വലിയ ദോഷം എന്ന് ബോധ്യപ്പെടുത്തണം



Adda247

99. ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം (inclusive education) ആണ് വേണ്ടത് എന്നു പറയാനുള്ള കാരണമെന്ത്?

(A) മറ്റുള്ള കുട്ടികളെ കണ്ടു പഠിക്കാൻ കഴിയുന്നു

(B) സാമൂഹികീകരണം (Socialisation) എന്ന വിദ്യാഭ്യാസ ലക്ഷ്യം നേടാൻ കഴിയുന്നു

(C) പരീക്ഷകളിൽ വിജയിക്കാൻ കഴിയുന്നു

(D) എല്ലാ കുട്ടികളെയും ഒരേ നിലവാരത്തിലെത്തിക്കാൻ കഴിയുന്നു

100. കേൾവി പരിമിതിയുള്ള കുട്ടികളുടെ പഠനോപകരണങ്ങൾക്കു വേണ്ട ഏറ്റവും പ്രധാന സവിശേഷത എന്ത്?

(A) ദൃശ്യാനുഭവങ്ങൾക്ക് അവസരം നൽകുന്നത്

(B) ശബ്ദത്തിലൂടെയുള്ള ആശയ വിനിമയം സാധ്യമാക്കുന്നത്

(C) ശബ്ദാനുകരണ പരിശീലനം നൽകുന്നത്

(D) അവർക്കു മാത്രമായുള്ള ക്ലാസ്സ് മുറികളും പഠനോപകരണങ്ങളും നൽകുന്നത്

101. പാശ്ചാത്യസാഹിത്യവുമായുള്ള പരിചയം കൊണ്ട് മലയാളത്തിലുണ്ടായ സാഹിത്യ പ്രസ്ഥാനം ഏത്?

(A) നോവൽ

(B) നാടകം

(C) സന്ദേശകാവ്യം

(D) സാഹിത്യ നിരൂപണം

102. ചുവടെ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ 'കൊള്ളുന്നു' എന്ന പദം അനുപ്രയോഗമായിരിക്കുന്നത് ഏതിലാണ്?

(A) കുട്ടികൾ വെറുതെ വെയിലുകൊള്ളുന്നു

(B) കൊള്ളുന്നവൻ അറിഞ്ഞില്ലെങ്കിലും കൊടുക്കുന്നവൻ അറിയണം

(C) നല്ല വാക്കുകളെ ഉപയോഗിക്കാവു എന്ന് അപേക്ഷിച്ചു കൊള്ളുന്നു

(D) അപേക്ഷ കൊള്ളാനും തള്ളാനും അയാൾക്ക് അധികാരമുണ്ട്

Adda247

GET IT ON Google Play

103. 'നന്മണി' എന്ന പദം സന്ധി പിരിച്ചെഴുതുന്നതെങ്ങനെ?

(A) നൽ + മണി

(B) നൻ + മണി

(C) നന്മ + മണി

(D) നല് + മണി

104. നല്ല അധ്യാപിക ആരായിരിക്കണം?

(A) കുട്ടിയെക്കാൾ വളരെയധികം ബുദ്ധിശക്തിയും അറിവും ഉള്ളയാൾ

(B) കുട്ടികൾക്ക് നല്ല അറിവുകൾ പകർന്നു കൊടുക്കുന്നയാൾ

(C) പാഠങ്ങൾ നന്നായി പഠിപ്പിക്കുന്ന വ്യക്തി

(D) കുട്ടികൾക്ക് ആത്മവിശ്വാസം പകർന്ന് പഠന പ്രവർത്തനങ്ങളിൽ പങ്കാളിയും സഹായിയും ആകുന്ന [illegible]

105. കൈത്താങ്ങ് നൽകൽ (scaffolding) എന്നതിനോട് ചേരാത്ത പ്രവർത്തനമേത്?

(A) പഠിതാവിനെക്കൊണ്ടുതന്നെ പ്രവർത്തനം പൂർത്തീകരിപ്പിക്കുക

(B) ആലോചനയുടെ ദിശ തിരിച്ചുവിടാൻ ഉതകുന്ന ചോദ്യങ്ങൾ ഉന്നയിക്കുക

(C) സൂചനകളും ഉദാഹരണങ്ങളും നൽകുക

(D) പഠിതാവിന് പൂർത്തിയാക്കാൻ കഴിയാത്ത പ്രവർത്തനം അധ്യാപിക പൂർത്തീകരിച്ച് കാണിച്ചു കൊടുക്കുക.

106. ചുവടെ കൊടുത്തിരിക്കുന്ന വരികളിൽ താളവ്യത്യാസമുള്ളവ ഏത്?

(A) "അശ്രുവാൽ കടൽ തീർത്തൊരാദിമ കവി പാടി

അദ്രിയാം മഹർഷി തന്നാശ്രമവാടം പൂകി"

(B) "അങ്കണത്തൈമാവിൽ നിന്നാദ്യത്തെ, പ്പഴം വീഴ്കെ

അമ്മതൻ നേത്രത്തിൽ നിന്നുതിർന്നു ചുടു കണ്ണീർ"

(C) "ഇത്തിരിക്കൊരു സുഖം തോന്നുന്നുണ്ടെനിക്കിന്നെൻ

പൊത്തിലെത്ര നാളായ് ഞാൻ ചുരുണ്ടു കിടക്കുന്നു"

(D) നിശ്ശബ്ദരാക്കപ്പെടുന്ന മനുഷ്യർതാൻ

ശബ്ദങ്ങളെങ്ങുനിന്നൊക്കെയോ കേൾക്കുന്നു

C

Adda247 GET IT ON Google Play

107. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏറ്റവും ശരിയായ വാക്യമേത്?

(A) ഓരോ വ്യക്തികളുടെയും പ്രശ്നങ്ങൾ തിരിച്ചറിയാൻ ആ വൃദ്ധയായ സ്ത്രീക്കു കഴിഞ്ഞിരുന്നു

(B) ഓരോ വ്യക്തിയുടെ പ്രശ്നങ്ങൾ തിരിച്ചറിയാൻ ആ വൃദ്ധയ്ക്കു കഴിഞ്ഞിരുന്നു

(C) ഓരോ വ്യക്തിയുടെയും പ്രശ്നങ്ങൾ തിരിച്ചറിയാൻ ആ വൃദ്ധയ്ക്കു കഴിഞ്ഞിരുന്നു

(D) ഓരോരോ വ്യക്തിയുടെയും പ്രശ്നങ്ങൾ തിരിച്ചറിയാൻ ആ വൃദ്ധയായ സ്ത്രീക്കു കഴിഞ്ഞിരുന്നു

108. "ഇത്തവണത്തെ തിരഞ്ഞെടുപ്പിലും അവർക്ക് പച്ചതൊടാൻ കഴിഞ്ഞില്ല." - 'പച്ചതൊടുക' എന്ന ശൈലികൊണ്ട് ഇവിടെ അർഥമാക്കുന്നതെന്ത്?

(A) ആരും വിജയിച്ചില്ല

(B) കുറച്ചു പേരേ ജയിച്ചുള്ളൂ

(C) അധികാരത്തിലെത്താൻ ആവശ്യമായത് ലഭിച്ചില്ല

(D) തുടക്കം നന്നായില്ല

109. ശാരീരിക - ചലനപരമായ ബുദ്ധിയുടെ വികാസവുമായി ബന്ധപ്പെട്ടു നൽകാവുന്ന ഭാഷാ പഠനപ്രവർത്തനം അല്ലാത്തതേത്?

(A) മൗനവായന

(B) നാടകീകരണം

(C) മൈമിംഗ്

(D) റോൾപ്ലേ

110. വികസനത്തിന്റെ സമീപസ്ഥമണ്ഡലം (Zone of proximal Development) എന്ന് വിഗോട്സ്കി വിളിക്കുന്നത് എന്ത്?

(A) പഠിതാവിന് സ്വന്തം കഴിവുകൊണ്ട് എത്തിച്ചേരാവുന്ന നില

(B) അധ്യാപികയെ അനുകരിക്കുന്നതിലൂടെ പഠിതാവ് എത്തിച്ചേരുന്ന നില

(C) പഠനവസ്തുത ആവർത്തിച്ച് ഉറപ്പിക്കുന്നതിലൂടെ നേടാവുന്ന നില

(D) സ്വപ്രയത്നത്താൽ എത്തിച്ചേരാവുന്ന നിലയ്ക്കും പരസഹായത്താൽ എത്താവുന്ന ഉയർന്നനിലയ്ക്കും ഇടയ്ക്കുള്ള മണ്ഡലം

111. കുട്ടിക്ക് വായനയിലുള്ള താൽപ്പര്യം നിലനിർത്താൻ അധ്യാപിക ചെയ്യേണ്ട കാര്യങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

(A) ശക്തമായ ആവശ്യബോധം ഉണർത്തൽ

(B) വായിച്ചു വായിച്ച് ഹൃദിസ്ഥമാക്കാൻ ആവശ്യപ്പെടൽ

(C) ജിജ്ഞാസ ഉണർത്തൽ

(D) കണ്ടെത്തലിന്റെ വായനാനുഭവം പ്രദാനം ചെയ്യൽ

112. ഒരേ വാക്യത്തിൽ പ്രധാനപ്പെട്ട രണ്ടു കാര്യങ്ങൾ പറയുമ്പോൾ അവയെ വേർതിരിച്ചു കാണിക്കാനുപയോഗിക്കുന്ന ചിഹ്നമാണ്.

(A) അല്പവിരാമം

(B) അർധവിരാമം

(C) പൂർണവിരാമം

(D) വിക്ഷേപിണി

113. നോം ചോംസ്കിയുടെ ഭാഷാർജന സിദ്ധാന്തങ്ങളോട് യോജിക്കാത്തതേത്?

(A) ജന്മസിദ്ധമായ ഒരു ഭാഷാഘടകം എല്ലാവരിലുമുണ്ട്

(B) കേൾക്കുക, പറയുക, വായിക്കുക, എഴുതുക എന്നീ ക്രമത്തിലാണ് ഭാഷ പഠിപ്പിക്കേണ്ടത്

(C) ഭാഷാർജനം ബോധപൂർവമായ ഒരു പ്രക്രിയ ആകണമെന്നില്ല

(D) സ്വന്തം ഭാഷാസമൂഹത്തിൽ നിന്നു ലഭിക്കുന്ന അനുഭവങ്ങളിൽ നിന്ന് സ്വന്തം ഭാഷ ഉരുത്തിരിച്ചെടുക്കുന്നു

114. "കുഴിവെട്ടി മൂടുക വേദനകൾ കുതികൊൾക ശക്തിയിലേക്കു നമ്മൾ" - ആരുടേതാണ് ഈ വരികൾ?

(A) ഇടശ്ശേരി

(B) വൈലോപ്പിള്ളി

(C) അക്കിത്തം

(D) ചങ്ങമ്പുഴ

115. 'സാമൂഹ്യ ജ്ഞാന നിർമ്മിതി വാദം' എന്ന ആശയം അവതരിപ്പിച്ച ചിന്തകൻ ആര്?

(A) ബ്രൂണർ

(B) വിഗോട്സ്കി

(C) പിയാഷെ

(D) വില്യം ജ്യൂം

താഴെ കൊടുത്തിരിക്കുന്ന ഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

സംസ്കൃതത്തിലെ 'കു' എന്ന ധാതുവിൽ നിന്നാണ് കവി എന്ന പദത്തിന്റെ നിഷ്പത്തി. 'കു' എന്നാൽ ശബ്ദിക്കുന്നവൻ എന്നർത്ഥമുണ്ടല്ലോ. [illegible] വാക്കിനുമുണ്ട് വാചികം. മനസ്സിൽ തോന്നുന്നത് വിളിച്ചു പറഞ്ഞ് നടന്നവർ. സമൂഹത്തിന്റെ നന്മയായ പാട്ടുകൾ പാടി നടന്നവരാകാം. അവന്റെ പാട്ടായിരുന്നു കവിത. പ്രാചീന ജനസമൂഹങ്ങളിൽ ഇത്തരം പാട്ടുകാരായ കവികൾ ഉണ്ടായിരുന്നു. പ്രാചീന ഭാരതത്തിലെ സൂതന്മാർ (സൂ-പ്രേരണ) കഥകൾ പറഞ്ഞും പാടിയും സമൂഹ മനസ്സിനെ പ്രേരിപ്പിക്കുന്നവർ ആണ്. [illegible]ന്നവരാണ്. സൂതൻ കുതിരകളെ തെളിക്കുന്ന തേരാളി മാത്രമായിരുന്നില്ല സമൂഹകഥ പാടിയിരുന്ന ഗായക കവികൾ കൂടിയായിരുന്നു. വാല്മീകി മഹർഷിയുടെ ശിഷ്യന്മാരായ ലവകുശന്മാർ രാമ പുത്രന്മാരായിരുന്നു എങ്കിലും രാമായണ കഥകൾ പാടി നടക്കുന്ന നൃത്തകർമ്മം നിർവഹിക്കുന്ന ഗായകർ കൂടിയാണ്. മഹാഭാരതവും ഇതുപോലെ ശൗനകൻ ആരംഭിച്ച സത്രത്തിൽ വന്നെത്തുന്ന സൂതൻ പാടുന്ന കഥാഖ്യാനമാണ്.

കു, കവി, കവിത, കാവ്യം തുടങ്ങിയവ സംസ്കൃത പദങ്ങളാണ്. അവയ്ക്കു സമാനമായ ദ്രാവിഡ പ്രയോഗങ്ങളാണ് പാടൽ (കു) പാട്ടുകാരൻ (കവി) പാട്ട് (കവിത) എന്നീ പദങ്ങൾ. നാമം (രാമ) ലിംഗം (അൻ) വചനം (മാർ) വിഭക്തി (ടെ) (രാമന്മാരുടെ) എന്നിവയെല്ലാം കൂടി അങ്ങനെ ചേർന്ന് ഒറ്റപ്പദമായി നിൽക്കുന്ന രാമന്മാരുടെ രീതിയാണ് സംസ്കൃതത്തിൽ. എന്നാൽ ദ്രാവിഡ ഭാഷയിൽ ചങ്ങലയിലെ കണ്ണികൾ പോലെ അവയെ ഒന്നിനുപുറകെ ഒന്നായി തുടർന്നു ചേർക്കുന്നു (രാമ - അൻ - മാർ - ഉടെ) ഇതുകൊണ്ട് കർക്കശമായ വ്യാകരണ നിയമങ്ങളും കാവ്യശാസ്ത്ര - വൃത്ത ശാസ്ത്ര നിയമങ്ങളുമെല്ലാം സംസ്കൃതത്തിലുള്ളത്. എന്നാൽ ദ്രാവിഡത്തിൽ, പദങ്ങളിൽ പൂർവ്വഘടകങ്ങൾ ശിഥിലമായ പ്രയോഗസാധ്യതയാണ് ശരി. ഒന്നിനു പകരം മറ്റൊന്നു പ്രയോഗിക്കാം. വീടിനു പുറകിൽ (ഉദ്ദേശികാവിഭക്തി) എന്നതിനുപകരം വീടിന്റെ പുറകിൽ (സംബന്ധികാവിഭക്തി) എന്നും ആകാം. പദങ്ങൾ പ്രയോഗങ്ങൾ എന്നിവ ആവർത്തിച്ചു വരാം. എന്നാൽ സംസ്കൃതത്തിൽ പദങ്ങളോ പ്രയോഗങ്ങളോ ആവർത്തിച്ചാൽ അത് 'പുനരുക്തി' എന്ന കാവ്യദോഷമാകും. സംസ്കൃതസ്വാധീനം വർധിച്ചതോടെ 'പാട്ട്' എന്ന ദ്രാവിഡപദവും സാഹിത്യ രൂപവും [illegible] താണവരുടെ കവിതയായി. ലീലാതിലകത്തിലും അധ്യായത്തിന്റെ പുറം പോക്കിലാണ് പാട്ടിനെ നിർവചിക്കുന്നത്. 'ഗ്രാമത്തിൽ പുറത്തിങ്ങു വസിക്കുന്ന ചാത്തൻ നായകന്റെ കിടാത്തി ഞാൻ' എന്ന അവസ്ഥ. എങ്കിലും മലയാള സാഹിത്യത്തിലെ കാവ്യശാഖകൾ പാട്ടുകളാണ്. കൃഷ്ണപ്പാട്ട്, കിളിപ്പാട്ട്, തുള്ളൽപ്പാട്ട്, പാന (ഭദ്രകാളിപ്പാട്ട്) എന്നിങ്ങനെ ക്രമേണ പാട്ടുകാരൻ [illegible] ചരിത്രം കീഴടക്കി.

116. 'പാട്ട്' എന്ന ദ്രാവിഡ പദ്യവും സാഹിത്യ രൂപവും അരങ്ങൊഴിയേണ്ടിവന്നതെങ്ങനെ?

(A) കർക്കശമായ കാവ്യശാസ്ത്ര നിയമ വ്യവസ്ഥകൾ ഉള്ളതായപ്പോൾ

(B) വരമൊഴി പ്രാബല്യത്തിലായപ്പോൾ

(C) പ്രയോഗ സാധുതയാണ് ശരി എന്നു വന്നപ്പോൾ

(D) സംസ്കൃതത്തിന്റെ സ്വാധീനം വർധിച്ചപ്പോൾ

117. എന്താണ് 'പൗനരുക്ത്യ' എന്ന കാവ്യദോഷം?

(A) പദങ്ങളോ പ്രയോഗങ്ങളോ ആവർത്തിക്കുന്നത്

(B) പദങ്ങളെയും പ്രയോഗങ്ങളെയും ഒന്നിനുപുറകെ ഒന്നായി ചേർക്കുന്നത്

(C) വ്യവസ്ഥകൾ ശിഥിലമാകുന്നത്

(D) വിഭക്തി പ്രത്യയങ്ങൾ വ്യത്യസ്തങ്ങൾ ആകുന്നത്

118. 'ഗ്രാമത്തിൻ പുറത്തിങ്ങു വസിക്കുന്ന ചാമർനായകൻ തന്റെ കിടാത്തി ഞാൻ' - ഈ വരികൾ ഏതു കൃതിയിലുള്ളതാണ്.

(A) ദുരവസ്ഥ

(B) ചണ്ഡാല ഭിക്ഷുകി

(C) പ്രരോദനം

(D) നളിനി

119. പ്രാചീന സമൂഹങ്ങളിൽ ഊരുചുറ്റിയിരുന്ന പാട്ടുകാർ അറിയപ്പെട്ടിരുന്നത് എങ്ങനെ?

(A) സമൂഹ ഗായകർ

(B) സൂതർ

(C) തെരാളി

(D) കവി

120. പാടുന്നവനായിരുന്നു 'കവി' എന്ന് ലേഖകൻ പറയുന്നതിന് അടിസ്ഥാനമെന്ത്?

(A) സമൂഹത്തിന്റെ പാട്ടായിരുന്നു കവിത എന്നതുകൊണ്ട്

(B) എഴുത്ത് ഇല്ലാതിരുന്നതുകൊണ്ട്

(C) 'കു' എന്ന ശബ്ദത്തിൽ നിന്നാണ് കവി എന്ന വാക്ക് ഉണ്ടായത്

(D) അന്ന് പാടുന്നവരേ ഉണ്ടായിരുന്നുള്ളൂ

-oOo-